# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം: പ്രിയങ്ക. ജി. ഐ എ എസ്)**

വിഷയം : വനിത ശിശു വികസന വകുപ്പ് - നാഷണൽ ക്രഷ് സ്കീം (CSS) - NGO ക്രഷ് - 2022 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള ഓണറേറിയം ഗ്രാന്റ്- ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) 22/01/2022 തീയതിയിലെ ICDS/B7/3143/2020(1) നമ്പർ നടപടിക്രമങ്ങൾ.
2) 26/03/2022 തീയതിയിലെ ICDS/B7/3143/2020 നമ്പർ നടപടിക്രമങ്ങൾ.

==========================================================

**ഉത്തരവ് നം. DWCD/1311/2022-ICDSB7; തീയതി:24/08/2022**

==========================================================

നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷുകൾക്ക് കേന്ദ്ര സർക്കാർ - 60%, സംസ്ഥാന സർക്കാർ - 30%, NGOs - 10% എന്ന അനുപാതത്തിൽ ഗ്രാന്റ് നൽകിവരുന്നു. കോവിഡ് - 19 നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ ലോക്ക്ഡൗണിനെ തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം ക്രഷുകൾ എല്ലാം തന്നെ താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ചിരുന്നുവെങ്കിലും ക്രഷുകളിലെ ജീവനക്കാർക്ക് 2021 ഡിസംബർ വരെയുള്ള ഓണറേറിയം ഗ്രാന്റ് പരാമർശ പ്രകാരം അനുവദിച്ച നൽകിയിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവു വന്ന ശേഷം 2022 ഫെബ്രുവരി മാസം മുതൽ സ്കീം പ്രകാരമുള്ള ക്രഷുകൾക്ക് തുടർ പ്രവർത്തനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ടി സ്കീം പ്രകാരം പ്രവർത്തിക്കുന്ന NGO ക്രഷുകൾക്ക് 2022 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള 8 മാസത്തെ ഓണറേറിയം ഗ്രാന്റ് നൽകുന്നതിനായി ചുവടെ പരാമർശിക്കും പ്രകാരം ഫണ്ട് അനുവദിച്ചു ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ക്രഷുകളുടെ എണ്ണം | അനുവദിക്കുന്ന തുക - 90% സർക്കാർ വിഹിതം (ക്രഷ് ഒന്നിന് പ്രതിമാസം 4050/- രൂപ നിരക്കിൽ 8 മാസത്തേയ്ക്ക് 32400/- രൂപ വീതം) |
|---|---|---|---|
| 1. | തിരുവനന്തപുരം | 40 | 12,96,000 |
| 2. | കൊല്ലം | 7 | 2,26,800 |
| 3. | ആലപ്പുഴ | 18 | 5,83,200 |
| 4. | കോട്ടയം | 23 | 7,45,200 |

| | | | |
|---|---|---|---|
| 5. | ഇടുക്കി | 14 | 4,53,600 |
| 6. | എറണാകുളം | 23 | 7,45,200 |
| 7. | തൃശ്ശൂർ | 16 | 5,18,400 |
| 8. | പാലക്കാട് | 10 | 3,24,000 |
| 9. | മലപ്പുറം | 12 | 3,88,800 |
| 10. | കോഴിക്കോട് | 3 | 97,200 |
| 11. | വയനാട് | 5 | 1,62,000 |
| | **ആകെ** | 171 | **55,40,400/-** |

**ആകെ - 55,40,400/- (അൻപത്തിയഞ്ച് ലക്ഷത്തി നാൽപതിനായിരത്തി നാനൂർ രൂപ മാത്രം)**

ടി ഫണ്ട് ജില്ല വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട CDPO മാർക്ക് കൈമാറേണ്ടതും ചുവടെ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി CDPOമാർ NGO കൾക്ക് തുക അനുവദിച്ച് നൽകേണ്ടതുമാണ്.

1. ക്രഷുകൾ നടത്തുന്ന NGOകൾ NGO-DARPAN പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പോർട്ടലിൽ നിന്നും ലഭിച്ച Unique ID, ഭാരവാഹികളുടെ Aadhar No., PAN No., Mobile No., E-mail id., എന്നിവ ICDS ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്ന് ഗ്രാന്റ് വിതരണത്തിന് മുമ്പ് CDPO മാർ ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച സാക്ഷ്യപത്രം ധന വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം CDPO മാർ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കു സമർപ്പിക്കേണ്ടതുമാണ്.

2. നിലവിൽ ഫണ്ട് അനുവദിക്കുന്ന 171 ക്രഷുകളിൽ 2022 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിനുള്ളിൽ പൂർണമായും പ്രവർത്തനം നിറുത്തിയ ക്രഷുകൾ ഉണ്ടെങ്കിൽ അവ പ്രവർത്തിച്ചിരുന്ന കാലയളവ് വരെയുള്ള അനുവദനീയമായ തുക കണക്കാക്കി നൽകേണ്ടതും, ബാക്കി തുക സറണ്ടർ ചെയ്യേണ്ടതും, UC യോടൊപ്പം സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കേണ്ടതുമാണ്.

3. NGO വിഹിതമായ 10% തുക ബന്ധപ്പെട്ട ക്രഷുകൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് CDPO മാർ ഉറപ്പ് വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം NGO മാരിൽ നിന്നും ലഭ്യമാക്കി ICDS ഓഫീസിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് ഹാജരാക്കേണ്ടതുമാണ്.

4.NGO കൾക്ക് അർഹതപ്പെട്ട തുക ക്രഷിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലൂടെ മാത്രം കൈമാറേണ്ടതും പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച NGO യുടെ സാക്ഷ്യപത്രത്തോടൊപ്പം CDPO മാരുടെ ധന വിനിയോഗ സാക്ഷ്യപത്രം, സ്റ്റേറ്റ്മെന്റ് (component wise) എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക CDPO മാർ നല്കേണ്ടതും, അവ ക്രോഡീകരിച്ച ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. CDPO മാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് (component wise), ജില്ലാ തല UC എന്നിവ മാത്രം ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിലേയ്ക്ക് അയച്ചാൽ മതിയാകും. ബാക്കി രേഖകൾ ജില്ല വനിത ശിശുവികസന ഓഫീസിൽ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് ഹാജരാക്കേണ്ടതുമാണ്.

ഇതിലേയ്ക്ക് ആകെ ആവശ്യമായ 55,40,400/- **(അൻപത്തിയഞ്ച് ലക്ഷത്തി നാൽപതിനായിരത്തി നാനൂർ രൂപ മാത്രം)** National Creche Scheme (Scheme Code - KL 251) നായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ട് നമ്പർ 40341101052976 ൽ പരാമർശം (2) പ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ചുവടെ പരാമർശിക്കും വിധം PFMS സംവിധാനത്തിലൂടെ വിനിയോഗിക്കേണ്ടതാണ്.

| SL.No. | Scheme component | Description | Amount |
|---|---|---|---|
| 1 | [01] Honorarium to Workers (KL) | 2700 per month x 171 creches x 8 months | 36,93,600 |
| 2 | [02] Honorarium to Helpers (KL) | 1350 per month x 171 creches x 8 months | 18,46,800 |
| **Total** | | | **55,40,400** |

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്

പകർപ്പ് - 1. സൂപ്രണ്ട് - എ സെക്ഷൻ
2. സൂപ്രണ്ട് - പ്ലാനിംഗ് സെൽ
3. ബന്ധപ്പെട്ട CDPO മാർക്ക്
4. NGO കൾക്ക് (CDPO മാർ മുഖേനെ)
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്